**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3623 **11/12/2018 ൽ** മറുപടിക്ക്

**കണ്ടലഴക് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ | ഹരിതകേരള മിഷന്റെ ഭാഗമായി അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി 20000 കണ്ടൽ ചെടികൾ വെച്ച് പിടിപ്പിക്കുന്നതിന് കൊല്ലം ജില്ലാപഞ്ചായത്തും കൊല്ലം കോർപറേഷനും അഷ്ടമുടിക്കായൽ തീരത്തോടടുത്ത് സ്ഥിതി ചെയ്യുന്ന വിവിധ പഞ്ചായത്തുകളും ഒരു സംയുക്ത നൂതന പ്രൊജക്ടായ കണ്ടലഴക് പദ്ധതിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി എന്നാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നൽകിയത്; | എ) 19/09/2018 ന് |
| ബി | പ്രസ്തുത പ്രോജെക്ടിന് എന്തു കൊണ്ടാണ് സാങ്കേതികാനുമതി ലഭിക്കാത്തത്; | ബി) 'കണ്ടലഴക്' പദ്ധതി മുഖേന നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതല്ല എന്നതിനാലാണ് ടി പദ്ധതിയ്ക്ക് പ്രസ്തുത വകുപ്പിൽ നിന്നും സാങ്കേതികാനുമതി നൽകാത്തത്. |
| സി | കണ്ടൽ തൈകൾ സമയ ബന്ധിതമായി തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളത്; | സി) ആയിരംതെങ്ങ് ജലകൃഷി വികസന ഏജൻസി, കേരളം (ADAK). |
| ഡി | കൊല്ലം ജില്ലാ പഞ്ചായത്തിൽ നിന്നും എത്ര തുക പ്രസ്തുത പദ്ധതിയ്ക്ക് മുൻകൂറായി ഏജൻസിക്ക് നൽകിയിട്ടുണ്ട്; വെളിപ്പെടുത്തുമോ ? | ഡി) 8,00,000/- രൂപ (എട്ട് ലക്ഷം രൂപ മാത്രം) |

(signature)

സെക്ഷൻ ഓഫീസർ